ഉത്തരം

(എ) രണ്ടായിരത്തി നാലാമാണ്ട് ജൂലൈ മാസം 24-ാം തീയതിയിലെ സ.ഉ.(സാധാ) നമ്പർ 3160/2004/പൊ.വി. പ്രകാരം പ്രത്യേകാനുമതി നൽകിയാണ് തളിപ്പറമ്പ് സർ സയ്യിദ് ഹൈസ്കൂൾ അനുവദിച്ചത്; ഉണ്ട്; പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) 2009-10 അദ്ധ്യയനവർഷത്തെ തസ്തിക നിർണ്ണയപ്രകാരം 16 അദ്ധ്യാപകരും 4 അനദ്ധ്യാപകരും ജോലി ചെയ്യുന്നുണ്ട്. ഇതിൽ പ്രൊട്ടക്ടഡ് അദ്ധ്യാപികയ്ക്കുമാത്രമേ ശമ്പളം ലഭിക്കുന്നുള്ളൂ.

(ഡി) പ്രീ-ഡിഗ്രി വേർപെടുത്തപ്പെട്ട കോളേജുകളുടെ മാനേജ്മെന്റുകൾക്ക് കീഴിലുള്ള ഹൈസ്കൂളുകളിൽ ഹയർ സെക്കന്ററി കോഴ്സനുവദിച്ചപ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി ആവശ്യമായ എണ്ണം തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ കൗൺസിൽ

76 (5220) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിലവിൽ വന്നത് എന്നാണ് ;

(ബി) പ്രസ്തുത കൗൺസിൽ നിലവിൽ വന്നതിനുശേഷം വിദ്യാഭ്യാസ മേഖലയിൽ പ്രകടമായ എന്തെല്ലാം മാറ്റങ്ങൾക്കാണ് വഴിതുറന്നത് ;

(സി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രസ്തുത കൗൺസിൽ ഏറ്റെടുത്ത് നടപ്പാക്കിവരുന്ന പരിപാടികൾ എന്തെല്ലാമാണ് ;

(ഡി) ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ മാറ്റത്തിന് നാന്ദി കുറിക്കാൻ ഉതകുന്ന ഏതെങ്കിലും നൂതന പദ്ധതികൾ കൗൺസിൽ വിഭാവനം ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) 2007 മാർച്ച് 16-ന്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡിഗ്രി തലത്തിൽ ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായം, ക്ലസ്റ്റർ സമ്പ്രദായം, സ്കോളർഷിപ്പ് സ്കീം, എറുഡൈറ്റ് സ്കീം, ടീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാം എന്നിവ ആരംഭിച്ചത് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മയും സാമൂഹ്യ നീതിയും വർദ്ധിപ്പിക്കുന്നതിന് സഹായകരമായിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഉണ്ട്. അനുബന്ധമായി ചേർത്തിട്ടുണ്ട്.*

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസ്

77 (T5224) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസ് നിരക്കുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഉത്തരവിറക്കുകയോ, മാനേജുമെന്റുകളുമായി ധാരണയിലെത്തുകയോ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ പകർപ്പ് സഹിതം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

മൊകേരി ഗവൺമെന്റ് കോളേജ് കെട്ടിടം

78 (5230) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൊകേരി ഗവൺമെന്റ് കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തുക ചെലവഴിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് എന്താണ് തടസ്സമെന്നും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കോളേജ് വിദ്യാഭ്യാസ വകുപ്പ് എല്ലാ രേഖകളും അനുമതിയും കൈമാറിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(സി) ഈ കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

16. ജി.എച്ച്.എസ്.എസ്., മുതലമട, 2 ബാച്ച്.

17. ജി.എച്ച്.എസ്.എസ്., വണ്ണമട, 1 ബാച്ച്.

18. ജി.എച്ച്.എസ്.എസ്., പട്ടാമ്പി, 1 ബാച്ച്.

19. ജി.എച്ച്.എസ്.എസ്., എടത്തനാട്ടുകര, 2 ബാച്ച്.

20. ജി.എച്ച്.എസ്.എസ്., കഞ്ചിക്കോട്, 1 ബാച്ച്.

21. ജി.എച്ച്.എസ്.എസ്., ചെർപ്പുളശ്ശേരി, 3 ബാച്ച്.

22. ജി.എച്ച്.എസ്.എസ്., പൊറ്റശ്ശേരി, 1 ബാച്ച്.

23. ജി.എച്ച്.എസ്.എസ്., എരുമയൂർ, 2 ബാച്ച്.

24. ജി.എച്ച്.എസ്.എസ്., എലപ്പുള്ളി, 1 ബാച്ച്.

25. ജി.എച്ച്.എസ്.എസ്., നടുവട്ടം, 2 ബാച്ച്.

26. ജി.എച്ച്.എസ്.എസ്., നെന്മാറ, 2 ബാച്ച്.

27. ജി.എച്ച്.എസ്.എസ്., ഒറ്റപ്പാലം, 2 ബാച്ച്.

28. എം.എൻ.കെ.എം.എച്ച്.എസ്.എസ്., പുലാപ്പറ്റ, 1 ബാച്ച്.

അനുബന്ധം II

[23-7-2010-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 76 (5220) ദയവായി കാണുക]

ഉന്നത വിദ്യാഭ്യാസം: സാമൂഹ്യ നീതിയും ഗുണനേന്മയും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിലുള്ള പ്രവർത്തനങ്ങൾ

ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ നീതിയും ഗുണമേന്മയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

1. ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് ഫണ്ട്

ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപ്പാക്കുന്ന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് സ്കീമിന്റെ ഔപചാരികമായ ഉദ്ഘാടനം പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ് 2010 ജനുവരി മാസം 3-ന് നിർവ്വഹിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

- പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

  ◆ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുകൊണ്ട് ഒരു വിദ്യാർത്ഥിക്കും ഉന്നത വിദ്യാഭ്യാസത്തിന് അവസരം നിഷേധിക്കപ്പെടരുത് എന്ന് ഉറപ്പുവരുത്തുക.

  ◆ അടിസ്ഥാന വിഷയങ്ങളിൽ പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക.

  ◆ ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്ക് യോഗ്യതയുടെയും മികവിന്റെയും അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകുക.

2009-10 വർഷത്തിൽ ആറ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി. 2010-11 വർഷം മുതൽ ഓരോ വർഷവും 1000 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. ഉന്നതവിദ്യാഭ്യാസ പുനഃസംഘാടനം

ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബിരുദതല വിദ്യാഭ്യാസ പുനഃസംഘാടനം സംസ്ഥാന സർവ്വകലാശാലകൾ ഏറ്റെടുത്ത് നടത്തി വരികയാണ്. കോഴ്സ്-ക്രെഡിറ്റ്-സെമസ്റ്റർ സംവിധാനവും ഗ്രേഡിംഗ് സംമ്പ്രദായവും കാലിക്കറ്റ്, കണ്ണൂർ, മഹാത്മാഗാന്ധി, സംസ്കൃത സർവ്വകലാശാലകൾ 2009-10 മുതൽ നടപ്പിൽ വരുത്തി. കേരള സർവ്വകലാശാലയിൽ 2010-2011 മുതൽ ഇത് നടപ്പിലാക്കി. കൗൺസിലിന്റെ ആഭിമുഖ്യത്തിൽ അധ്യാപക പരിശീലനം നടത്തുന്നതിന് പുറമേ സർവകലാശാല/കോളേജ് തലങ്ങളിൽ ഈ സ്കീം നടപ്പിലാക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും സാമ്പത്തിക സഹായവും കൗൺസിൽ നൽകി വരുന്നു. വിവിധ സർവ്വകലാശാലകളിലെ ഡിഗ്രിതല പുനഃസംഘാടന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും കൗൺസിലിന്റെ നേതൃത്വത്തിൽ സർവകലാശാല പ്രോവൈസ് ചാൻസലർമാരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

ബിരുദാനന്തര പഠനം, ടീച്ചർ എഡ്യൂക്കേഷൻ, പരീക്ഷാ നടത്തിപ്പ്, സർവകലാശാല നിയമങ്ങൾ എന്നിവ പരിഷ്കരിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ കൗൺസിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

3. ക്ലസ്റ്ററുകൾ

ഉന്നത വിദ്യാഭ്യാസ തലത്തിൽ സാമൂഹ്യനീതിയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിന് സമീപസ്ത കോളേജുകളുടെ ക്ലസ്റ്ററുകൾ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിച്ചുവരുന്നു. നിലവിലുള്ള വിഭവശേഷിയും അടിസ്ഥാനസൗകര്യങ്ങളും മനുഷ്യ വിഭവശേഷിയും പങ്കുവയ്ക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

നവീന സൗകര്യങ്ങൾ പൊതുവായി സൃഷ്ടിക്കുന്നതിനും ക്ലസ്റ്റർ സംവിധാനം സഹായകമാകും. ഓരോ ക്ലസ്റ്ററിനും 1 കോടി രൂപ ധനസഹായമായി നൽകുന്നുണ്ട്. തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോട്ടും ഓരോ ക്ലസ്റ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

4. ഡാറ്റാ ബാങ്ക്

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തെ സംബന്ധിച്ച വിവരങ്ങൾ കൗൺസിൽ ശേഖരിച്ചുവരുന്നു. നാളിതുവരെ 884 സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള അടിസ്ഥാന വിവരങ്ങളാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. ഇത് ക്രമപ്പെടുത്തി കൗൺസിലിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ നൽകിയ ഫോർമാറ്റിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചുള്ള സമഗ്രമായ വിവരങ്ങൾ ശേഖരിക്കുന്നതിന് വിപുലമായ ഒരു പദ്ധതിയും കൗൺസിലിൽ തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ചുള്ള വിവര ശേഖരണവും ക്രോഡീകരണവും പ്രസിദ്ധീകരണവും ഈ വർഷം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വെബ്സൈറ്റ് ആരംഭിക്കുവാനും കൗൺസിൽ സഹായം നൽകാൻ ഉദ്ദേശിക്കുന്നു.

5. ഉന്നത വിദ്യാഭ്യാസ നയം

ഡോ. യു. ആർ. അനന്തമൂർത്തി ചെയർമാനായി കൗൺസിലിനുവേണ്ടി തയ്യാറാക്കിയ കരട് ഉന്നത വിദ്യാഭ്യാസ നയരേഖ സംസ്ഥാന തലത്തിൽ ചർച്ച ചെയ്തുവരുന്നു. ചർച്ചകളിൽ ഉരിതിരിഞ്ഞുവരുന്ന സ്വാഗതാർഹമായ നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് കരട് രേഖ സർക്കാർ അംഗീകാരത്തിനുവേണ്ടി സമർപ്പിക്കുന്നതാണ്. നയപരമായ കാര്യങ്ങളിൽ കൂടുതൽ പഠനം നടത്തുന്നതിന് 11 പ്രോജക്ടുകൾക്കും കൗൺസിൽ ധനസഹായം നൽകുന്നുണ്ട്.

6. ടീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാം

കേരളത്തിലെയും പശ്ചിമബംഗാളിലെയും സർവകലാശാലകളിലെ അദ്ധ്യാപകരെയാണ് ഈ പരിപാടിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിലെ സർവകലാശാലകളുമായും ഈ പദ്ധതി നടപ്പാക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു.

7. ഉന്നതവിദ്യാഭ്യാസ ജേർണൽ

അന്തർവൈജ്ഞാനിക പഠനങ്ങൾക്കായി ഗവേഷണ ജേർണൽ തുടങ്ങാൻ വേണ്ട പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

8. ദി എറുഡേറ്റ് (സ്കോളർ-ഇൻ-റെസിഡൻസ്) പ്രോഗ്രാം

നമ്മുടെ സർവകലാശാലകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിദേശത്തെയും സ്വദേശത്തെയും പ്രമുഖ പണ്ഡിതന്മാരോടും മികവുറ്റ അധ്യാപകരോടും ഇടപഴകുന്നതിനും, ആശയവിനിമയം നടത്തുന്നതിനുമായി ഏർപ്പെടുത്തിയ പദ്ധതിയാണ് ദി എറുഡോറ്റ്. പ്രശസ്തരായ പല പ്രമുഖ പണ്ഡിതരും ഇതിനോടകം വിവിധ സർവകലാശാലകളിൽ സന്ദർശനം നടത്തിയിട്ടുണ്ട്. നോബൽ സമ്മാന ജേതാക്കളായ സോറസ് അൽഫറോവ്, റോജർ സൈൻ എന്നിവർ ഇവരിൽ ചിലർ മാത്രം.

****

LIBRARY ARCHIVES Kerala Legislative Assembly